# പതിനാലാം കേരള നിയമസഭ

–

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3484 14.03.2017- ൽ മറുപടിയ്ക്ക്

## പ്രവാസി മലയാളികൾക്കായി നടപ്പാക്കി വരുന്ന ക്ഷേമ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
|---|---|
| എ) ഏതൊക്കെ ജില്ലകളിലാണ് ഇപ്പോൾ പ്രവാസി ക്ഷേമനിധി ആഫീസുകൾ ഉള്ളത് ; എല്ലാ ജില്ലകളും കേന്ദ്രീകരിച്ച് ഇതിന്റെ ആഫീസുകൾ ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | എ) പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ മുഖ്യ ഓഫീസ് തിരുവനന്തപുരത്തും, റീജിയണൽ ഓഫീസുകൾ എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലും മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ ഒരു ലെയ്സൺ ഓഫീസും നിലവിൽ പ്രവർത്തിച്ച് വരുന്നു. എല്ലാ ജില്ലകളിലും ഓഫീസ് തുടങ്ങുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. |
| ബി) വിദേശങ്ങളിൽ ജോലിയിലിരിക്കെ അപകടത്തിൽപ്പെട്ട് ഗുരുതര പരിക്കേൽക്കുന്നവർക്കും വിദേശത്ത് അപകടത്തിലും അല്ലാതെയുമായി മരണപ്പെടുന്നവരുടെ അവകാശികൾക്കും ആശ്രിതർക്കും ധനസഹായം ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | ബി) വിദേശത്ത് ജോലിക്ക് പോയി അപകടത്തിൽപ്പെടുന്ന, നോർക്ക റൂട്ട്സിന്റെ പ്രവാസി ഇൻഷ്വറൻസ് കാർഡ് എടുത്തിട്ടുള്ള പ്രവാസി കേരളീയരിൽ അംഗവൈകല്യം സംഭവിക്കുന്നവർക്ക് മെഡിക്കൽ ബോർഡിന്റെ ശുപാർശയോടെ അപകട ഇൻഷ്വറൻസ് തുക നല്കി വരുന്നുണ്ട്. കൂടാതെ,വിദേശത്ത് അപകടത്തിൽപ്പെട്ടതും വിസ കാൻസൽ ചെയ്ത് നാട്ടിൽ തിരികെയെത്തിയവരുമായ പ്രവാസി കേരളീയർക്ക് നോർക്ക റൂട്ട്സിന്റെ ദുരിതാശ്വാസ പദ്ധതിയായ സാന്ത്വന വഴി ചികിത്സാ ധനസഹായം പരമാവധി 50,000/- രൂപ വരെ നല്കി വരുന്നുണ്ട്.<br>വിദേശത്ത് ജോലിക്ക് പോയി അപകടത്തിൽപ്പെട്ട് മരണമടയുന്ന നോർക്ക-റൂട്ട്സിന്റെ പ്രവാസി ഇൻഷ്വറൻസ് കാർഡ് എടുത്തിട്ടുള്ള പ്രവാസി കേരളീയന്റെ നോമിനിക്ക് ഇൻഷ്വറൻസ് തുകയായ |

2,00,000/- രൂപ വരെ നല്കി വരുന്നുണ്ട്. ഇതു കൂടാതെ ദുരിതാശ്വാസ പദ്ധതിയായ സാന്ത്വനവഴി മരണമടയുന്ന പ്രവാസി കേരളീയരുടെ അവകാശിക്ക് നിബന്ധനകൾക്ക് വിധേയമായി പരമാവധി 1,00,000/- രൂപ വരെ ധനസഹായം നല്കി വരുന്നുണ്ട്. കൂടാതെ നോർക്ക റൂട്ട്സിന്റെ സഹായ നിധിയായ ചെയർമാൻ ഫണ്ട് മുഖാന്തിരവും മരണാനന്തര ധനസഹായം നല്കി വരുന്നുണ്ട്.

കേരള പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്ത അംഗങ്ങൾക്ക് ചികിത്സാ ധനസഹായം പരമാവധി 50,000/- രൂപ നല്കുന്നതിന് ആക്റ്റിൽ വ്യവസ്ഥയുണ്ട്. പ്രവാസി ക്ഷേമനിധി അംഗം പെൻഷന് അർഹത നേടുന്നതിന് മുമ്പ് മരണപ്പെടുകയാണെങ്കിൽ ആശ്രിതർക്ക് പരമാവധി 50,000/- രൂപവരെ മരണാനന്തര ധനസഹായമായി അനുവദിച്ച് വരുന്നുണ്ട്.

| | |
|---|---|
| സി) വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസികളായ മലയാളികളുടെ നാട്ടിലുള്ളതും തനിച്ച് താമസിക്കുന്നവരുമായ പ്രായമായ മാതാപിതാക്കൾക്ക് ആവശ്യമെങ്കിൽ ചികിത്സാ സഹായവും, നിയമസഹായമുൾപ്പെടെയുള്ള മറ്റ് സഹായങ്ങളും ലഭ്യമാക്കും വിധം ജില്ലകൾ തോറും പ്രവാസി ഹെൽപ്പ് ഡെസ്കുകൾ നോർക്കയുടെ കീഴിലോ ക്ഷേമ നിധിയുടെ കീഴിലോ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | സി) ഇത്തരം നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ